**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1359

06.03.18 - ൽ മറുപടിക്ക്.

**നവകേരള മിഷൻ ആസൂത്രണം ചെയ്ത കർമ്മ പദ്ധതികൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പി. ഉണ്ണി<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) നവകേരള മിഷൻ ആസൂത്രണം ചെയ്ത വിവിധ കർമ്മപദ്ധതികൾ നടപ്പാക്കുന്നതിലൂടെ ലഭ്യമാകുന്ന തൊഴിലവസരങ്ങൾ കുടുംബശ്രീ അയൽക്കൂട്ട വനിതകൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിൽ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) നവകേരളം കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു വികസന മിഷനായ ഹരിതകേരളം മിഷന്റെ ഉപമിഷനായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമായ ഹരിതകർമ്മസേനയായി കുടുംബശ്രീ യൂണിറ്റുകൾക്ക് കൂടി പ്രവർത്തിക്കുവാനും തൊഴിലവസരങ്ങൾ ലഭ്യമാക്കുവാനും കഴിയുന്ന തരത്തിലാണ് മാർഗ്ഗരേഖയിൽ ഹരിത കർമ്മസേന പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ജൈവകൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) കുടുംബശ്രീയുടെ നേതൃത്വത്തിൽ നിലവിൽ 52000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു വരുന്നു. കുടുംബശ്രീ യൂണിറ്റുകൾ പാട്ടത്തിനെടുത്താണ് കൃഷി ചെയ്തുവരുന്നത്. വിഷവിമുക്ത കൃഷിയാണ് പ്രധാനമായും ചെയ്യുന്നത്. വരുന്ന വർഷം 10000 ഹെക്ടർ സ്ഥലത്തേയ്ക്ക് കൂടി വിഷവിമുക്ത കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (സി) മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും ലൈഫ് പദ്ധതിയുടെ സർവ്വേ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും കുടുംബശ്രീക്ക് നിർദ്ദേശം നൽകുമോ;വ്യക്തമാക്കുമോ? | (സി) മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കുടുംബശ്രീ ഇതിനകം ഭാഗഭാക്കായിട്ടുണ്ട്. ഹരിതകർമ്മസേന രൂപീകരണം ഇതിനൊരു ഉത്തമ ഉദാഹരണമാണ്. ലൈഫ് പദ്ധതിയുടെ സർവ്വേ കുടുംബശ്രീ വഴിയാണ് നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ